## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2155 — 18.06.2013 ലെ മറുപടിയ്ക്ക്

### നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ഡോ. കെ.ടി. ജലീൽ | | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) | 2012-13 സാമ്പത്തിക വർഷം നികുതിയിനത്തിൽ പിരിച്ചെടുത്ത തുക ഇനംതിരിച്ച് വ്യക്തമാക്കാമോ; | (എ) | അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം 2012-13 സാമ്പത്തിക വർഷം പിരിച്ചെടുത്ത ആകെ തനതു സംസ്ഥാന നികുതി വരുമാനം 30076.67 കോടി രൂപയാണ്. (ഇനം തിരിച്ചുള്ള കണക്കുകൾ അനുബന്ധം- I ആയി ചേർക്കുന്നു.) |
| (ബി) | 2012-13 സാമ്പത്തിക വർഷം എത്ര കോടി രൂപയാണ് നികുതിയിനത്തിൽ പിരിച്ചെടുക്കാൻ ഉദ്ദേശിച്ചിരുന്നത്; പ്രതീക്ഷിച്ച വർദ്ധന എത്ര ശതമാനമായിരുന്നു; ലഭിച്ച വർദ്ധന എത്ര ശതമാനം ആണ്; | (ബി) | 2012-13 ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ച സംസ്ഥാനത്തിന്റെ തനതു നികുതി വരുമാനം 32122.21 കോടി രൂപയാണ്. 2012-13 ൽ പ്രതീക്ഷിച്ച വർദ്ധനവ് 20.57 ശതമാനമായിരുന്നു. ലഭിച്ച വർദ്ധന 17% ആണ്. |
| (സി) | നികുതി പിരിച്ചെടുക്കുന്നതിൽ കുറവ് വന്നിട്ടുള്ള ഇനങ്ങൾ ഏതൊക്കെ; ആയതിന്റെ കാരണം പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ വ്യക്തമാക്കാമോ ; ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) | 2012-13 സാമ്പത്തിക വർഷം പിരിക്കുന്നതിന് ലക്ഷ്യമിട്ട തുകയും പിരിച്ചെടുത്ത തുകയും ചുവടെ ചേർക്കുന്നു.<br><br>**ലക്ഷ്യമിട്ട തുക - 32122.21 കോടി**<br>**പിരിച്ചെടുത്ത തുക - 30076.67 കോടി.**<br>(ലിസ്റ്റ് അനുബന്ധം-II ആയി ചേർത്തിട്ടുണ്ട്.)<br><br>ബിവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനയിൽ നിന്നുള്ള വിൽപന നികുതിയിനത്തിൽ മുൻവർഷം 25 % വർദ്ധനവുണ്ടായപ്പോൾ 2012-13 സാമ്പത്തിക വർഷം 14 ശതമാനം വർദ്ധനവ് മാത്രമാണ് ഉണ്ടായത്.<br><br>പെട്രോൾ, ഡീസൽ എന്നിവയുടെ വിലവർദ്ധന ഉണ്ടായപ്പോൾ അതിൽനിന്നും കിട്ടുന്ന അധിക നികുതി സർക്കാർ വേണ്ടെന്നു വയ്ക്കുകയുണ്ടായി. ഇതിന്റെ ഫലമായി നികുതിയിൽ കുറവ് വന്നിട്ടുണ്ട്. ചില അവശ്യ വസ്തുക്കളുടെ നികുതി 4% ത്തിൽ നിന്നും 1% മായി കുറച്ചു. |

പ്രധാന കാർഷിക ഉൽപ്പന്നങ്ങളായ റബ്ബർ, ഏലം, കുരുമുളക് എന്നിവയുടെ വിലയിടിവ് മൂലം ഇത്തരം കാർഷിക ഉൽപന്നങ്ങളിൽനിന്നുള്ള വരുമാനത്തിൽ ഗണ്യമായ കുറവുണ്ടായി. സാമ്പത്തിക മാന്ദ്യവും, കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും, നികുതി വരുമാനത്തിൽ കുറവ് വരുവാൻ കാരണമായിട്ടുണ്ട്.

പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി പുതിയ ആംനെസ്റ്റി സ്കീം പ്രകാരം ഊർജ്ജിത നടപടി സ്വീകരിച്ചുവരുന്നു. നികുതി വലയത്തിൽ വന്നിട്ടില്ലാത്ത വ്യാപാരികളെ അതിന്റെ പരിധിയിൽ കൊണ്ടുവരുവാനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ.

15 അനുബന്ധം. I

# അനുബന്ധം

| | 2012-13(Prl) |
|---|---|
| | Rs. in crore |
| തനത് നികുതി വരവിനങ്ങൾ | |
| കാർഷികാദായ നികുതി | 18.92 |
| ഭൂ നികുതി | 121.57 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 2938.43 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 67.58 |
| സംസ്ഥാന എക്സൈസ് | 2313.95 |
| വിൽപന നികുതി | 22511.09 |
| വാഹന നികുതികൾ | 1924.62 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 24.71 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 155.80 |
| ആകെ തനത് നികുതി വരവ് | 30076.67 |

സെക്ഷൻ ഓഫീസർ.

15

## അനുബന്ധം

| | BE 2012-13 | 2012-13(Prl) |
|---|---|---|
| | Rs. in crore | |
| തനത് നികുതി വരവിനങ്ങൾ | | |
| കാർഷികാദായ നികുതി | 15.97 | 18.92 |
| ഭൂ നികുതി | 127.72 | 121.57 |
| മുദ്രപ്പത്രവും രജിസ്ട്രേഷനും | 3775.71 | 2938.43 |
| കൃഷി ഭൂമി ഒഴികെയുള്ള സ്ഥാവരവസ്തുവിൻമേലുള്ള നികുതികൾ | 91.00 | 67.58 |
| സംസ്ഥാന എക്സൈസ് | 2550.65 | 2313.95 |
| വിൽപന നികുതി | 23450.52 | 22511.09 |
| വാഹന നികുതികൾ | 1694.49 | 1924.62 |
| വിദ്യുച്ഛക്തിയിൻമേലുള്ള നികുതികളും തീരുവകളും | 250.00 | 24.71 |
| ക്രയ വസ്തുക്കളെയും സേവനങ്ങളെയും സംബന്ധിക്കുന്ന മറ്റു നികുതികളും തീരുവകളും | 166.15 | 155.8[illegible] |
| ആകെ തനത് നികുതി വരവ് | **32122.21** | **30076.67** |

സെക്ഷൻ ഓഫീസർ